(ബി)	തിരുവനന്തപുരം	..	49.40 ലക്ഷം
	കൊല്ലം	..	16.00 ലക്ഷം
	ആലപ്പുഴ	..	31.35 ലക്ഷം
	എറണാകുളം	..	35.85 ലക്ഷം
	തൃശ്ശൂർ	..	14.25 ലക്ഷം
	മലപ്പുറം	..	36.00 ലക്ഷം
	കോഴിക്കോട്	..	7.50 ലക്ഷം
	കാസർഗോഡ്	..	20.00 ലക്ഷം
	കണ്ണൂർ	..	10.50 ലക്ഷം

(സി) 30-1-2003-ലെ എൽ1/791/03 നമ്പർ കത്തിലെ സമഗ്ര അടിസ്ഥാന വികസന പദ്ധതി നടപ്പാക്കുമ്പോൾ പ്രസ്തുത റോഡുകളുടെ നിർമ്മാണം പരിഗണിക്കാമെന്ന് അറിയിച്ചിരുന്നു. ഈ പദ്ധതി പൂർണമായും അംഗീകരിക്കാത്തതിനാൽ എം.എൽ.എ.-മാർ നിർദ്ദേശിച്ച എല്ലാ റോഡുകളുടെയും പണി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

മടക്കര-അയ്യോത്ത് ഫിഷറീസ് റോഡ് പുതുക്കിപ്പണിയാൻ നടപടി

99 [1902] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മടക്കര-അയ്യോത്ത് ഫിഷറീസ് റോഡ് താറുമാറായി കിടക്കുന്നതുമൂലം ഈ പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് സമയബന്ധിതമായി ഈ റോഡ് പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ടി റോഡിന്റെ പണികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഫിഷറീസ് റോഡുകളുടെ പുനർനിർമ്മാണ സ്കീം

100 [1903] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഫിഷറീസ് റോഡുകളുടെ പുനർനിർമ്മാണ സ്കീമിൽപ്പെടുത്തിയത് ഏതെല്ലാം റോഡുകളാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാങ്കേതികമായി തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പാട് പഞ്ചായത്തിലെ കാക്കതുരുത്ത് ബണ്ട് മുതൽ മരുതൂർ കുളങ്ങര റോഡ്വരെ.

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഫണ്ട് ലഭ്യമാക്കുന്നതിനും പുതുക്കിയ ഭരണാനുമതി നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തകർന്ന ബോട്ടുകളുടെ എഞ്ചിനുകളും ഉപകരണങ്ങളും വീണ്ടെടുക്കാൻ നടപടി

101 [1904] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മേഖലയിലെ ചാലിയം ഭാഗത്ത് 16-6-2004-ന് പുലർച്ചെയുണ്ടായ കടൽക്ഷോഭത്തെ തുടർന്ന് തകർന്ന 11 ബോട്ടുകളുടെ എഞ്ചിനുകളും മറ്റ് ഉപകരണങ്ങളും വീണ്ടെടുക്കാൻ ഫിഷറീസ് വകുപ്പ് അധികൃതർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതേതുടർന്ന് എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനിടയായിട്ടുണ്ട്;

(സി) എത്ര ലക്ഷം രൂപയുടെ നഷ്ടം വന്നതായാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇവിടുത്തെ സാമ്പത്തികമായി തകർന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഇ) ഇവർക്ക് അടിയന്തിര സാമ്പത്തിക സഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 381 പേർക്ക്.

(സി) ഉദ്ദേശം 160 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly